ഉത്തരം

(എ) 2005-2006 അദ്ധ്യയനവർഷത്തിൽ ഭൂമിശാസ്ത്രം ജൂനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുള്ള സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി കൊടുക്കുന്നു.†

(ബി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചുവരുന്നു.

ഇംഗ്ലീഷ് (ജൂനിയർ) അദ്ധ്യാപക നിയമനം

146 [729] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇംഗ്ലീഷ് (ജൂനിയർ) അദ്ധ്യാപകരുടെ എത്ര തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാനായി ഇംഗ്ലീഷ് (ജൂനിയർ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര ഒഴിവുകൾ ഇനി റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മൊത്തം തസ്തികകളുടെ 75% പി. എസ്. സി. മുഖാന്തിരം നിയമിക്കണമെന്ന വ്യവസ്ഥ പ്രസ്തുത വിഷയത്തിൽ പാലിച്ചിട്ടുണ്ടോ;

(ഡി) നിശ്ചിത അനുപാതമനുസരിച്ച് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പി. എസ്. സി. മുഖേന ഇംഗ്ലീഷ് (ജൂനിയർ) അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ 30-6-2005 വരെ ഉണ്ടായിട്ടുള്ള ഹയർസെക്കണ്ടറി ഇംഗ്ലീഷ് (ജൂനിയർ) അദ്ധ്യാപകരുടെ 90 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/574/2012—23

LIBRARY ARCHIVES Kerala Legislative Assembly